"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- ശ്രീമതി. നിഷ ബാലകൃഷ്ണൻ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് കെ.എസ്.&എസ്.എസ്.ആർ. റൂൾ 39 ലെ സവിശേഷാധികാരം ഉപയോഗപ്പെടുത്തി ടിയാൾക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ എൽ.ഡി.ക്ലർക്ക് തസ്തികയിൽ നിയമനം നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(കൈ) നം.35/2024/LSGD തീയതി,തിരുവനന്തപുരം, 08-03-2024

പരാമർശം:-

1. ശ്രീമതി. നിഷ ബാലകൃഷ്ണൻ ബഹു.മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ച 13.03.2023 തീയതിയിലെ അപേക്ഷ.
2. 29.04.2023 തീയതിയിലെ സ.ഉ (സാധാ) നം.943/2023/തസ്വഭവ.
3. ഉദ്യോഗസ്ഥഭരണപരിഷ്കാരവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 21.07.2023 തീയതിയിലെ എവിസി II- 1/28/2023-ഉഭപവ നമ്പർ അന്വേഷണറിപ്പോർട്ട്

**<u>ഉത്തരവ്</u>**

ശ്രീമതി.നിഷാ ബാലകൃഷ്ണൻ പരാമർശം 1 പ്രകാരം ബഹു.മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ച അപേക്ഷ പ്രകാരം 2018 മാർച്ച് 31ന് അവസാനിച്ച എൽ.ഡി.ക്ലർക്ക് (എറണാകുളം ജില്ല) റാങ്ക് ലിസ്റ്റിൽ താൻ ഉൾപ്പെട്ടിരുന്നതായും, 28.03.2018ൽ കൊച്ചി കോർപ്പറേഷനിൽ നിന്ന് റിപ്പോർട്ട് ചെയ്തിരുന്ന ഒരു എൽ.ഡി.ക്ലർക്കിന്റെ NJD ഒഴിവ് 31.03.2018ന് രാത്രി 12 മണിക്കാണ് നഗരകാര്യഡയറക്ടറേറ്റിൽ നിന്നും പി.എസ്.സി.യിൽ ഇ-മെയിൽ മുഖാന്തിരം റിപ്പോർട്ട് ചെയ്തിട്ടുള്ളത് എന്നും ആയത് പി.എസ്.സി.യിൽ ലഭിച്ചപ്പോൾ 12 മണി കഴിഞ്ഞ് 4 സെക്കന്റ് ആയതിനാൽ തനിക്ക് ലഭിക്കേണ്ട നിയമനം ലഭ്യമായിട്ടില്ലായെന്നും നഗരകാര്യഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥരുടെ അനാസ്ഥമൂലം തനിക്ക് ജോലി ലഭിച്ചില്ലായെന്നതിനാലും തനിക്ക് ജോലി ലഭിക്കുന്നതിന് അർഹതയുള്ളതിനാലും കെ.എസ്.&എസ്.എസ്.ആർ. റൂൾ 39 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്ന സവിശേഷാധികാരം ഉപയോഗിച്ച് എൽ.ഡി.ക്ലർക്ക് തസ്തികയിൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിയമനം നൽകണമെന്നും അപേക്ഷിച്ചിരുന്നു.

2. ശ്രീമതി.നിഷാബാലകൃഷ്ണന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ, നഗരകാര്യഡയറക്ടറേറ്റിൽ നിന്നും എൻ.ജെ.ഡി ഒഴിവ് റിപ്പോർട്ട് ചെയ്തതിലെ കാലതാമസം സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഉദ്യോഗസ്ഥഭരണപരിഷ്കാരവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തി പരാമർശം 2 പ്രകാരം ഉത്തരവായിരുന്നു. പരാമർശം 3 പ്രകാരം സമർപ്പിച്ച അന്വേഷണ

റിപ്പോർട്ടിലെ ശിപാർശ പ്രകാരം സർക്കാർ ഇക്കാര്യം പരിശോധിച്ചതിൽ 31.03.2018ൽ കാലാവധി അവസാനിച്ച റാങ്ക് ലിസ്റ്റിലെ ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തപ്പോൾ, എറണാകുളം ജില്ലയിൽ കാലതാമസം ഉണ്ടായതായി കണ്ടെത്തിയിട്ടുള്ളതാണ്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2018 മാർച്ച് 31-ന് കാലാവധി അവസാനിച്ച എൽ.ഡി.ക്ലർക്ക് (എറണാകുളം ജില്ല) പി.എസ്.സി.റാങ്ക് ലിസ്റ്റിൽ നിന്ന് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ നഗരകാര്യഡയറക്ടറേറ്റിലെ സാങ്കേതികമായ പിഴവു കാരണം കാലതാമസം ഉണ്ടായതിനാൽ, ശ്രീമതി.നിഷാബാലകൃഷ്ണ ന് ജോലി ലഭിക്കുന്നതിന് അവസരം നഷ്ടപ്പെട്ടു. ആയതിനാൽ, ശ്രീമതി. നിഷ ബാലകൃഷ്ണന്റെ അപേക്ഷ പരിഗണിച്ച്, കെ.എസ്.&എസ്.എസ്.ആർ. റൂൾ 39 ലെ സവിശേഷാധികാരം ഉപയോഗപ്പെടുത്തി ശ്രീമതി. നിഷ ബാലകൃഷ്ണന് തദ്ദേശസ്വയംഭരണവകുപ്പിൽ എൽ.ഡി.ക്ലർക്ക് തസ്തികയിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ മാത്രമേ ടിയാൾക്ക് സേവനത്തിൽ സീനിയോരിറ്റിക്ക് അർഹതയുണ്ടായിരിക്കുകയുള്ളൂ .

5 . തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ചട്ടപ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിച്ച് ടിയാളെ സേവനത്തിൽ പ്രവേശിപ്പിച്ച് ഉചിതമായ നിയമനം നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ. നിഷ ബാലകൃഷ്ണൻ, ഉഷസ്, ഒഴുക്കൻ വിളയിൽ, വടക്കുംഭാഗം, ചവറ സൗത്ത് പി.ഒ.
കൊല്ലം -691584
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ഉദ്യോഗസ്ഥഭരണപരിഷ്കാര(അഡ്വൈസ് സി) വകുപ്പ് (17.11.2023 തീയതിയിലെ ADV C3/149/2023/P&ARDനമ്പർ കുറിപ്പ് പ്രകാരം)
പൊതുഭരണ(എസ്.സി) വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 11-03-2024 10:11:40
സെക്ഷൻ ഓഫീസർ

പകർപ്പ്- 1. ബഹു. തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
2. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 06-03-2024

ഫയൽ നം. ഇ.യു2/322/2022/തസ്വഭവ. ഇനം നം: 2098

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - ശ്രീമതി. നിഷാ ബാലകൃഷ്ണന്റെ പരാതി - കെ.എസ്.&എസ്.എസ്.ആർ. റൂൾ 39-ലെ സവിശേഷാധികാരം ഉപയോഗപ്പെടുത്തി ടിയാൾക്ക് ജോലി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.

| കേരളസർക്കാർ | | | |
|---|---|---|---|
| (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ) | | | |
| | മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ് | | |
| 1 | ഫയൽ നമ്പർ | : | ഇ.യു2/ 322/ 2022/ തസ്വഭവ |
| 2 | വകുപ്പ് | : | തദ്ദേശസ്വയം ഭരണ (ഇ.യു) വകുപ്പ് |
| 3 | വിഷയം | : | ശ്രീമതി. നിഷാ ബാലകൃഷ്ണന്റെ പരാതി- കെ.എസ്.&എസ്.എസ്.ആർ. റൂൾ 39 ലെ സവിശേഷാധികാരം ഉപയോഗപ്പെടുത്തി ടിയാൾക്ക് ജോലി നൽകുന്നത് -സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 06.02.2024 |
| 5 | (i)ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii)ആണെങ്കിൽ ധനവകുപ്പിന്റെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | :<br>: | അതെ<br>ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുകളുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച അഡിഷണൽ സെക്രട്ടറിയുടെ പേര് | : | ജി. അനിൽകുമാർ |
| 8 | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ഡോ. ഷർമിള മേരി ജോസഫ് |
| 9 | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 26.02.2024 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വേണു വി |
| 11 | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 28.02.2024 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.എം.ബി. രാജേഷ് |
| 13 | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 28.02.2024 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 29.02.2024 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | 06.03.2024 |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്കത്തിന്റെ നമ്പറും തീയതിയും | : | സ.ഉ(കൈ)നം.35/ 2024/ LSGD<br>08.03.2024 |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ശ്രീമതി. നിഷ ബാലകൃഷ്ണൻ സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ കെ.എസ്.&എസ്.എസ്.ആർ. റൂൾ 39 ലെ സവിശേഷാധികാരം ഉപയോഗപ്പെടുത്തി ടിയാൾക്ക് എൽ.ഡി.ക്ലർക്ക് തസ്തികയിൽ നിയമനം നൽകണമെന്ന ആവശ്യം സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. ശ്രീമതി.നിഷാ ബാലകൃഷ്ണൻ ബഹു.മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ച പരാതി പ്രകാരം 2018 മാർച്ച് 31ന് അവസാനിച്ച എൽ.ഡി.ക്ലർക്ക് (എറണാകുളം ജില്ല) റാങ്ക് ലിസ്റ്റിൽ താൻ ഉൾപ്പെട്ടിരുന്നതായും, 28.03.2018 ൽ കൊച്ചി കോർപ്പറേഷനിൽ നിന്ന് റിപ്പോർട്ട് ചെയ്തിരുന്ന ഒരു എൽ.ഡി.ക്ലർക്കിന്റെ NJD ഒഴിവ് 31.03.2018 ന് രാത്രി 12 മണിക്കാണ് നഗരകാര്യഡയറക്ടറേറ്റിൽ നിന്നും പി.എസ്.സി.യിൽ ഇ-മെയിൽ മുഖാന്തിരം റിപ്പോർട്ട് ചെയ്തിട്ടുള്ളത് എന്നും ആയത് പി.എസ്.സി.യിൽ ലഭിച്ചപ്പോൾ 12 മണി കഴിഞ്ഞ് 4 സെക്കന്റ് ആയതിനാൽ തനിക്ക് ലഭിക്കേണ്ട നിയമനം ലഭ്യമായിട്ടില്ലായെന്നും നഗരകാര്യഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥരുടെ അനാസ്ഥമൂലം തനിക്ക് ജോലി ലഭിച്ചില്ലായെന്നതിനാലും തനിക്ക് ജോലി ലഭിക്കുന്നതിന് അർഹതയുള്ളതിനാലും കെ.എസ്.&എസ്.എസ്.ആർ. റൂൾ 39 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്ന സവിശേഷാധികാരം ഉപയോഗിച്ച് എൽ.ഡി.ക്ലർക്ക് തസ്തികയിൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിയമനം നൽകണമെന്നും അപേക്ഷിച്ചിരുന്നു.

3. ശ്രീമതി. നിഷ ബാലകൃഷ്ണൻ സമാനവിഷയത്തിൽ ബഹു.ട്രിബ്യൂണൽ മുമ്പാകെ സമർപ്പിച്ച ഒ.എ(ഇ) നം 1836/2018 നമ്പർ കേസിലെ 22.10.2018 ലെ ഉത്തരവ് പ്രകാരം പ്രസ്തുത ആവശ്യം നിരസിച്ചിരുന്നതും ആയതിനെതിരേ ഫയൽ ചെയ്ത OP(KAT) 435/2018 കേസ് 24.08.2020 ലെ ഉത്തരവ് പ്രകാരം ബഹു. ഹൈക്കോടതി പരിഗണനാർഹമല്ലെന്ന് കണ്ട് തള്ളിയിട്ടുള്ളതുമാണ്. ഇതിനെതിരെ ടിയാൾ ഫയൽ ചെയ്ത R P No.295/2022 കേസ് 12.10.2023 ലെ ഉത്തരവ് ചുവടേ ചേർക്കുംപ്രകാരം തീർപ്പാക്കിയിട്ടുള്ളതുമാണ്.

" It is made clear that the dismissal of the original petition by this Court as well as the order of dismissal by the Tribunal will not stand in the way of

the Government invoking Rule 39 of the Kerala State and Subordinate Services Rules, 1958 in the light of Annexure-2 produced along with I.A.No.2/2023.

The review petition is disposed of as above."

4. ശ്രീമതി.നിഷാ ബാലകൃഷ്ണൻ ബഹു.മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ച പരാതിയിൽ എൻ.ജെ.ഡി ഒഴിവ് റിപ്പോർട്ട് ചെയ്യതിലെ കാലതാമസം സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഉദ്യോഗസ്ഥഭരണപരിഷ്കാരവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തി 29.04.2023 തീയതിയിലെ സ.ഉ (സാധാ) നം.943/2023/തസ്വഭവ പ്രകാരം ഉത്തരവാകുകയും 21.07.2023 ൽ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത അന്വേഷണ റിപ്പോർട്ടിലെ പ്രധാന ശിപാർശ ഇപ്രകാരമായിരുന്നു.

" *റാങ്ക് പട്ടികയുടെ കാലാവധി 2018 മാർച്ച് 31 അർദ്ധരാത്രി 12.00 ന് അവസാനിക്കുമെന്ന് അറിയാമായിരുന്നിട്ടും ലഭ്യമായ ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാതെയും, പി.എസ്.സി. അഡ്വൈസ് ലഭിച്ചിട്ടും നിയമന ഉത്തരവ് ഇറക്കുന്ന നടപടി അവസാന ദിവസം വരെ നീട്ടിക്കൊണ്ടും സേവനത്തിൽ ഉദാസീനത കാണിച്ച് ഉദ്യോഗാർത്ഥികളുടെ അർഹതപ്പെട്ട ആനുകൂല്യം നഷ്ടപ്പെടാതെ നോക്കേണ്ടത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമായ കർത്തവ്യമാണ്."*

5. ശ്രീമതി.നിഷാ ബാലകൃഷ്ണൻ സമർപ്പിച്ച പരാതിയിലെ ആവശ്യം കെ.എസ്.&എസ്.എസ്.ആർ. റൂൾ പ്രകാരം പരിഗണനാർഹമാണോ എന്നതിൽ ഉദ്യോഗസ്ഥഭരണപരിഷ്കാരവകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

"കെ.എസ്.&എസ്.എസ്.ആർ ഭാഗം II ലെ ചട്ടം 39 പ്രകാരം സർക്കാരിന്റെ വിവേചനാധികാരം ഉപയോഗിക്കുന്നതു സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളടങ്ങിയ 14.09.1973-ലെ 131867/Rules/72/PD നമ്പർ സർക്കുലർ മെമ്മോറാണ്ടത്തിലേക്കും(റഫറൻസ് 1), 20/7/1976-തീയതിയിലെ 76016/Rules-1/76/PD- നമ്പർ സർക്കുലർ(റഫറൻസ് 2), 15/1/1983-തീയതിയിലെ 98995/Rules-1/82/GAD-

നമ്പർ സർക്കുലർ(റഫറൻസ് 3) എന്നിവയിലെ നിർദേശങ്ങളിലേക്കും ഭരണവകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നു. നടപടിക്രമങ്ങളിലെ വീഴ്ച മൂലമോ ചട്ടങ്ങളുടെ പ്രയോഗം മൂലമോ ഒരു ജീവനക്കാരന്റെ നിയമപരമായ അവകാശത്തെ വിപരീതമായി ബാധിക്കുന്ന സാഹചര്യത്തിൽ, ചട്ടങ്ങളിലോ ഉത്തരവുകളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, യുക്തവും നീതിപൂർവവുമായ തീരുമാനമെടുക്കുന്നതിന് ചട്ടം 39 സർക്കാരിന് സവിശേഷാധികാരം നൽകുന്നു. പി.എസ്.സി.ക്ക് ഒഴിവ് യഥാസമയം റിപ്പോർട്ട് ചെയ്യാതിരുന്നതുമൂലം 2018 മാർച്ച് 31ൽ അവസാനിച്ച റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിച്ചില്ലായെന്നതിനാൽ തനിക്ക് കെ.എസ്.&എസ്.എസ്.ആർ. റൂൾ 39 ലെ വ്യവസ്ഥ പ്രകാരം ജോലി നൽകുന്നതിന് സർക്കാർ ഉത്തരവാകണമെന്നാണ് ശ്രീ. നിഷ ബാലകൃഷ്ണന്റെ അപേക്ഷ. ഈ സാഹചര്യത്തിൽ, മേൽ പരാമർശിച്ച സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിലും റാങ്ക് ലിസ്റ്റ് കാലാവധികളിൽ നിയമനം ലഭിക്കാത്തവരിൽ നിന്ന് സമാനമായ അവകാശവാദങ്ങൾ ഉയരാനുള്ള സാധ്യത ഉൾപ്പെടെ വിഷയത്തിന്റെ വിവിധ വശങ്ങൾ കണക്കിലെടുത്തും ടിയാളുടെ അപേക്ഷയിന്മേൽ ഭരണവകുപ്പിന് യുക്തമായ തീരുമാനമെടുക്കാവുന്നതാണ്.

പ്രതിപാദ്യ സാഹചര്യത്തിലേതുപോലെ സമയബന്ധിതമായി ഒഴിവ് റിപ്പോർട്ട് ചെയ്യാത്തതുമൂലം ഉദ്യോഗാർത്ഥികൾക്ക് അർഹമായ തൊഴിലവസരങ്ങൾ നഷ്ടപ്പെടുന്നത് യാതൊരു കാരണവശാലും നീതീകരിക്കാവുന്നതല്ല. അതിനാൽ, പി.എസ്.സി-ക്ക് സമയബന്ധിതമായി ഒഴിവ് റിപ്പോർട്ട് ചെയ്യുന്ന കാര്യത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ മാതൃകാപരമായ ശിക്ഷണ നടപടികൾ സ്വീകരിച്ചു കൊണ്ടും, ഓൺലൈൻ സംവിധാനം മുഖേന ഒഴിവ് യഥാസമയം പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യിക്കുന്നതിനും ഫലപ്രദമായ മോണിറ്ററിംഗ് സംവിധാനം ഉറപ്പാക്കുന്നതിനും യുക്തമായ ഭരണനടപടികൾ സ്വീകരിക്കേണ്ടതാണ് ".

6. ഉദ്യോഗസ്ഥഭരണപരിഷ്കാരവകുപ്പിന്റെ അഭിപ്രായം പ്രകാരം ഇക്കാര്യം പരിശോധിച്ചതിൽ 31.03.2018 ൽ കാലാവധി അവസാനിച്ച ഒഴിവുകൾ പി.എസ്.സിക്ക് 31.03.2018 ൽ റിപ്പോർട്ട് ചെയ്തപ്പോൾ, നിഷാബാലകൃഷ്ണന്റേത് ഉൾപ്പടെ വിവിധ

ജില്ലകളിലെ 5 ഒഴിവുകൾ ഇപ്രകാരം വൈകിയിട്ടുള്ളതായി അന്വേഷണറിപ്പോർട്ട് പ്രകാരം കണ്ടെത്തിയിട്ടുള്ളതാണ്.

7. മേൽ വിഷയത്തിൽ നിയമവകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

" കെ.എസ്.&എസ്.എസ്.ആർ. റൂൾ 39 ഇപ്രകാരമാണ്.

39. Notwithstanding, anything contained in these rules or in the Special Rules or in any other Rules or Government Orders the Government shall have power to deal with the case of any person or persons serving in a civil capacity under the Government of Kerala or any candidate for appointment to a service in such manner as may appear to the Government to be just and equitable:

Provided that where such rules or orders are applicable to the case of any person or persons, the case shall not be dealt with in any manner less favourable to him or them than that provided by those rules or orders.

This amendment shall be deemed to have come into force with effect from 17th December 1958.

കെ.എസ്.&എസ്.എസ്.ആർ. റൂൾ 39 ലെ സവിശേഷാധികാരം സംബന്ധിച്ച നടപടികൾ ഭരണവകുപ്പിന് സ്വീകരിക്കാവുന്നതും ആയതിൽ നിയമ പ്രശ്നം ഇല്ലാ എന്നും ഭരണ വകുപ്പിനെ അറിയിക്കാവുന്നതാണ് ".

8. കെ.എസ്.&എസ്.എസ്.ആർ. റൂൾ 39 ലെ സവിശേഷാധികാരം ഉപയോഗപ്പെടുത്തി ശ്രീമതി. നിഷ ബാലകൃഷ്ണന് എൽ.ഡി.ക്ലർക്ക് തസ്തികയിൽ നിയമനം നൽകണമെന്ന ആവശ്യത്തിൽ ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ ഇക്കാര്യം "മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിയ്ക്കുക" എന്ന് ഉത്തരവായിട്ടുണ്ട്.

## തീരുമാനിയ്ക്കേണ്ട വിഷയം

2018 മാർച്ച് 31-ന് കാലാവധി അവസാനിച്ച എൽ.ഡി.ക്ലർക്ക് (എറണാകുളം ജില്ല) പി.എസ്.സി.റാങ്ക് ലിസ്റ്റിൽ നിന്ന് നഗരകാര്യഡയറക്ടറേറ്റിൽ നിന്നും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ വന്ന കാലതാമസം കാരണം ജോലി ലഭിക്കുന്നതിന് അവസരം നഷ്ടപ്പെട്ടു എന്നതാണ് ശ്രീമതി. നിഷ ബാലകൃഷ്ണന്റെ സമർപ്പണം. ആയതിനാൽ ശ്രീമതി. നിഷ ബാലകൃഷ്ണന്റെ അപേക്ഷ പരിഗണിച്ച്, കെ.എസ്.&എസ്.എസ്.ആർ. റൂൾ 39 ലെ സവിശേഷാധികാരം ഉപയോഗപ്പെടുത്തി ടിയാൾക്ക് തദ്ദേശസ്വയംഭരണവകുപ്പിൽ എൽ.ഡി.ക്ലർക്ക് തസ്തികയിൽ നിയമനം നൽകാമോ ? എങ്കിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ മാത്രമേ ടിയാൾക്ക് സേവനത്തിൽ സീനിയോരിറ്റിക്ക് അർഹതയുണ്ടായിരിക്കുകയുള്ളൂ എന്നും വ്യക്തമാക്കാമോ?

GOVERNMENT OF KERALA
**(Shri. Pinarayi Vijayan Ministry)**

**Note for the Council of Ministers**

| | | | |
|---|---|---|---|
| 1 | File No | : | EU2-322/2022-LSGD |
| 2 | Department | : | Local Self Government(EU)Dept |
| 3 | Subject | : | Petition from Smt. Nisha Balakrishnan- giving job invoking provisions of Rule 39 of KSSR. -Reg |
| 4 | Date of Chief Minister's order for placing before the Council | : | 06.02.2024 |
| 5 | (i) Does the case involve financial commitments/implications<br>(ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note | :<br>: | Yes<br>No |
| 6 | Are any other departments concerned with the case and if so, have they been consulted and their remarks incorporated in the note for the Council ? | : | Yes |
| 7 | Name of Additional Secretary who submitted the Draft Note | : | Sri. Anilkumar G |
| 8 | Name of Principal Secretary who approved the Draft Note | : | Dr Sharmila Mary Joseph |
| 9 | Date of approval of the Draft Note for the Council by the Principal Secretary | : | 26.02.2024 |
| 10 | Name of Chief Secretary, who approved the Draft Note | : | Dr.Venu V |
| 11 | Date of approval of the Draft Note for the Council by the Chief Secretary | : | 28.02.2024 |
| 12 | Name of Minister who approved the Draft Note | : | Shri. M B Rajesh |
| 13 | Date of approval of the draft Note for the Council by the Minister | : | 28.02.2024 |
| 14 | Date of submission of fair copies | : | 29.02.2024 |
| 15 | Date of decision by the Council of Ministers | : | 06.03.2024 |
| 16 | Number and date of the G.O./letter communicating the decision | | GO(MS)No.35/2024/LSGD<br>08.03.2024 |

## NOTE FOR THE COUNCIL OF MINISTERS

This note relates to granting appointment to the post of LD Clerk to Smt.Nisha Balakrishnan, by invoking powers under the provisions of Rule 39 of Kerala State and Subordinate Services Rules 1958, based on the petition submitted by her.

2. Smt. Nisha Balakrishnan submitted a petition before the Hon'ble Chief Minister that she had been included in the rank list of LD Clerk (Ernakulam District) which expired on 31st March 2018. An NJD vacancy in the category of LD Clerk reported from the Kochi Corporation on 28.03.2018 to the Director of Urban Affairs was reported to the KPSC only at 12 midnight on 31.03.2018 through e-mail. As the same was received 4 seconds after 00.00 Hours of 01.04.2018 at PSC, she could not get the appointment that she was supposed to have got. She alleged that she was denied the job due to technical flaw in reporting the vacancy to PSC by the Officials of the Directorate of Urban Affairs. She claimed that, she being eligible for employment, she should be granted appointment in the Local Self Government Department in the post of LD Clerk. She also requested Government to invoke its powers under Rule 39 of KS&SSR, 1958 and to allow her appointment to the post of LD Clerk in the Local Self Government Department.

3. Smt. Nisha Balakrishnan filed a case on the same matter before the Hon'ble Kerala Administrative Tribunal. The Tribunal vide order dated 22.10.2018 in OA(EKM)No. 1836/2018, dismissed the petition. She filed OP(KAT) 435/2018 against the order of the Tribunal, before the Hon'ble High Court and the same was also

dismissed as per judgement dated 24.08.2020. She filed Reiew Petition No.295/2022 and the Hon'ble High Court disposed the same vide judgement dated 12.10.2023 as follows:

" It is made clear that the dismissal of the original petition by this Court as well as the order of dismissal by the Tribunal will not stand in the way of the Government invoking Rule 39 of the Kerala State and Subordinate Services Rules, 1958 in the light of Annexure-2 produced along with I.A.No.2/2023.

The review petition is disposed of as above."

4. Based on the petition submitted by Smt. Nisha Balakrishnan before the Hon'ble Chief Minister, on 3rd December 2022 and 13th March 2023, the Additional Chief Secretary Personnel & Administrative Reforms Department was entrusted to conduct an enquiry and to submit report regarding the delay in reporting the NJD vacancy vide GO(Rt) No. 943/2023/LSGD dated 29.04.2023. The Enquiry Report was submitted on 21.07.2023. The main recommendation of the said inquiry report was as follows.

*"റാങ്ക് പട്ടികയുടെ കാലാവധി 2018 മാർച്ച് 31 അർദ്ധരാത്രി 12.00 ന് അവസാനിക്കുമെന്ന് അറിയാമായിരുന്നിട്ടും ലഭ്യമായ ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാതെയും, പി.എസ്.സി. അഡ്വൈസ് ലഭിച്ചിട്ടും നിയമന ഉത്തരവ് ഇറക്കുന്ന നടപടി അവസാന ദിവസം വരെ നീട്ടിക്കൊണ്ടും സേവനത്തിൽ ഉദാസീനത കാണിച്ച് ഉദ്യോഗാർത്ഥികളുടെ അർഹതപ്പെട്ട ആനുകൂല്യം നഷ്ടപ്പെടാതെ നോക്കേണ്ടത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമായ കർത്തവ്യമാണ്."*

5. *The* enquiry report also indicates that, when the vacancies in the ranklist, which expired on 31.03.2018, were reported to PSC on

31.03.2018, 5 vacancies in various districts, including that of Nisha Balakrishnan, had been delayed.

6. Opinion of the Personnel & Administrative Reforms Department was also sought whether the request of Smt.Nisha Balakrishnan is admissible under Rule 39 of K.S&S.S.R, that department has opined as follows;

"കെ.എസ്.&എസ്.എസ്.ആർ ഭാഗം II ലെ ചട്ടം 39 പ്രകാരം സർക്കാരിന്റെ വിവേചനാധികാരം ഉപയോഗിക്കുന്നതു സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളടങ്ങിയ 14.09.1973-ലെ 131867/Rules/72/PD നമ്പർ സർക്കുലർ മെമോറാണ്ടത്തിലേക്കും (റഫറൻസ് 1), 20/7/1976-തീയതിയിലെ 76016/Rules-1/76/PD-നമ്പർ സർക്കുലർ (റഫറൻസ് 2), 15/1/1983-തീയതിയിലെ 98995/Rules-1/82/GAD-നമ്പർ സർക്കുലർ (റഫറൻസ് 3) എന്നിവയിലെ നിർദേശങ്ങളിലേക്കും ഭരണവകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നു. നടപടിക്രമങ്ങളിലെ വീഴ്ച മൂലമോ ചട്ടങ്ങളുടെ പ്രയോഗം മൂലമോ ഒരു ജീവനക്കാരന്റെ നിയമപരമായ അവകാശത്തെ വിപരീതമായി ബാധിക്കുന്ന സാഹചര്യത്തിൽ, ചട്ടങ്ങളിലോ ഉത്തരവുകളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, യുക്തവും നീതിപൂർവവുമായ തീരുമാനമെടുക്കുന്നതിന് ചട്ടം 39 സർക്കാരിന് സവിശേഷാധികാരം നൽകുന്നു. പി.എസ്.സി.ക്ക് ഒഴിവ് യഥാസമയം റിപ്പോർട്ട് ചെയ്യാതിരുന്നതുമൂലം 2018 മാർച്ച് 31ൽ അവസാനിച്ച റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിച്ചില്ലായെന്നതിനാൽ തനിക്ക് കെ.എസ്.&എസ്.എസ്.ആർ. റൂൾ 39 ലെ വ്യവസ്ഥ പ്രകാരം ജോലി നൽകുന്നതിന് സർക്കാർ ഉത്തരവാകണമെന്നാണ് ശ്രീ. നിഷ ബാലകൃഷ്ണന്റെ അപേക്ഷ. ഈ സാഹചര്യത്തിൽ, മേൽ പരാമർശിച്ച സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിലും റാങ്ക് ലിസ്റ്റ് കാലാവധിക്കുളിൽ നിയമനം ലഭിക്കാത്തവരിൽ നിന്ന് സമാനമായ അവകാശവാദങ്ങൾ ഉയരാനുള്ള സാധ്യത ഉൾപ്പെടെ വിഷയത്തിന്റെ വിവിധ വശങ്ങൾ കണക്കിലെടുത്തും ടിയാളുടെ അപേക്ഷയിന്മേൽ ഭരണവകുപ്പിന് യുക്തമായ തീരുമാനമെടുക്കാവുന്നതാണ്. പ്രതിപാദ്യ

സാഹചര്യത്തിലേതുപോലെ സമയബന്ധിതമായി ഒഴിവ് റിപ്പോർട്ട് ചെയ്യാത്തതുമൂലം ഉദ്യോഗാർത്ഥികൾക്ക് അർഹമായ തൊഴിലവസരങ്ങൾ നഷ്ടപ്പെടുന്നത് യാതൊരു കാരണവശാലും നീതീകരിക്കാവുന്നതല്ല. അതിനാൽ, പി.എസ്.സി-ക്ക് സമയബന്ധിതമായി ഒഴിവ് റിപ്പോർട്ട് ചെയ്യുന്ന കാര്യത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ മാതൃകാപരമായ ശിക്ഷണ നടപടികൾ സ്വീകരിച്ചു കൊണ്ടും, ഓൺലൈൻ സംവിധാനം മുഖേന ഒഴിവ് യഥാസമയം പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യിക്കുന്നതിനും ഫലപ്രദമായ മോണിറ്ററിംഗ് സംവിധാനം ഉറപ്പാക്കുന്നതിനും യുക്തമായ ഭരണനടപടികൾ സ്വീകരിക്കേണ്ടതാണ് ".

7. The remarks of Law Department in this subject is as follows;

" കെ.എസ്.&എസ്.എസ്.ആർ. റൂൾ 39 ഇപ്രകാരമാണ്.

39. Notwithstanding, anything contained in these rules or in the Special Rules or in any other Rules or Government Orders the Government shall have power to deal with the case of any person or persons serving in a civil capacity under the Government of Kerala or any candidate for appointment to a service in such manner as may appear to the Government to be just and equitable:

Provided that where such rules or orders are applicable to the case of any person or persons, the case shall not be dealt with in any manner less favourable to him or them than that provided by those rules or orders.

This amendment shall be deemed to have come into force with effect from 17th December 1958.

കെ.എസ്.&എസ്.എസ്.ആർ. റൂൾ 39 ലെ സവിശേഷാധികാരം സംബന്ധിച്ച നടപടികൾ ഭരണവകുപ്പിന് സ്വീകരിക്കാവുന്നതും ആയതിൽ നിയമ പ്രശ്നം ഇല്ലാ എന്നും ഭരണ വകുപ്പിനെ അറിയിക്കാവുന്നതാണ് ".

8. When the file was circulated for orders on allowing appointment to Smt.Nisha Balakrishnan to the post of L D Clerk by invoking the powers under the provisions of Rule 39 of Kerala State and Subordinate Services Rules 1958, the Hon'ble Chief Minister ordered to place the matter before the Cabinet for consideration.

**POINT FOR DECISION**

Smt. Nisha Balakrishnan submitted that she lost her chance for getting job in view of a technical flaw on the part of Directorate of Urban Affairs, in reporting the vacancy of LD Clerk in Ernakulam District to the PSC consequent to which the rank list expired on 31st March 2018. Considering the application submitted by Smt. Nisha Balakrishnan,whether she may be appointed to the post of LD Clerk in the Local Self-Government Department, invoking the powers under Rule 39 of the Kerala State and Subordinate Services Rules 1958 ? If so, whether it may also be clarified that she will be entitled to seniority in service only from the date of her joining?